**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2356 12.03.2020-ൽ മറുപടിക്ക്**

**<u>നിയമ സഹായ കേന്ദ്രങ്ങൾ</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. ടി.വി.ഇബ്രാഹിം** | **ശ്രീ. എ.കെ. ബാലൻ<br>(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിയമസഹായ കേന്ദ്രങ്ങൾ നിലവിലുണ്ടോ; | സംസ്ഥാനത്ത് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടെ കീഴിൽ നിയമസഹായ കേന്ദ്രങ്ങൾ നിലവിലുണ്ട്. |
| (ബി) | നിയമസഹായ കേന്ദ്രങ്ങൾ വിപുലപ്പെടുത്തി നിയമ അവബോധം നൽകാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നിയമ സഹായ കേന്ദ്രങ്ങളിൽ നിന്ന് നിയമ അവബോധം മെച്ചപ്പെട്ട രീതിയിൽ നൽകി വരുന്നുണ്ട്. നിയമ സഹായ കേന്ദ്രങ്ങൾ വിപുലപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിയമ അവബോധം നൽകുവാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |
| സി) | നിയമസഹായ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സംസ്ഥാനതലത്തിലുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ? | നിലവിൽ പഞ്ചായത്തുകൾ, ജയിൽ, പോലീസ് സ്റ്റേഷൻ, വില്ലേജുകൾ തുടങ്ങിയവയിൽ പ്രവർത്തിക്കുന്ന ലീഗൽ എയ്ഡ് ക്ലിനിക്കുകളും സംസ്ഥാന ജില്ലാ നിയമ സേവന അതോറിറ്റികളും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ആണ് നിയമ സഹായ കേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ എല്ലാം കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയാണ് നിയന്ത്രിക്കുന്നത്. പ്രതിമാസം ഓരോ നിയമ സഹായ കേന്ദ്രത്തിന്റെയും പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് കെൽസ ശേഖരിക്കുന്നുണ്ട്. കൂടാതെ ദേശീയ നിയമ സേവന അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങളും ഇക്കാര്യത്തിൽ പാലിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**